## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. : 2796 13/03/2020-ൽ മറുപടിയ്ക്ക്

### എസ്ചീറ്റ് & ഫോർഫീച്ചർ നിയമം

ചോദ്യം :

ശ്രീ. സി. കെ. ശശീന്ദ്രൻ

മറുപടി :

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എസ്ചീറ്റ് & ഫോർഫീച്ചർ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വയനാട് ജില്ലയിലെ വുഡ് ലാന്റ് എസ്റ്റേറ്റ് ഭൂമിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ കൽപ്പറ്റ വില്ലേജിൽ പഴയ സർവ്വെ നമ്പർ 519/3, 519/4 എന്നീ നമ്പരുകളിൽ ഉൾപ്പെട്ട 745.93 ഏക്കർ ഭൂമി (വുഡ് ലാൻഡ് എസ്റ്റേറ്റ്) സർക്കാർ ഉത്തരവ് നമ്പർ. 162/71/ആർ.ഡി തീയതി: 18.06.1971, ജി.ഒ.(എം.എസ്) 427/71/ആർ.ഡി തീയതി: 25.07.1971 എന്നിവ അനുസരിച്ച് എസ്ചീറ്റ് ആന്റ് ഫോർഫീച്ചർ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായതാണ്. ഇതിനെതിരെ അന്നത്തെ കൈവശക്കാർ വിവിധ തലങ്ങളിൽ അപ്പീൽ നൽകുകയും, ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് 324.95 ഏക്കറിന് കോഴിക്കോട് ജില്ലാ കളക്ടർ 15.07.1976-ന് കുടിയായ്മ അവകാശം നൽകുകയുണ്ടായി. 258.91 ഏക്കർ നിക്ഷിപ്ത വനഭൂമിയായും 7.00 ഏക്കർ പാറയായും 8.48 ഏക്കർ റോഡ് വഴിയുമായി മാറി (ആകെ 599.34 ഏക്കർ). ബാക്കിയുള്ള 146.59 ഏക്കർ ഭൂമി 264 പേർ അനധികൃതമായി കൈവശം വച്ച് അനുഭവിച്ച് വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത 745.93 ഏക്കർ ഭൂമിയിൽ 264 പേർ കൈവശം വെച്ച് അനുഭവിക്കുന്ന 146.59 ഏക്കർ ഭൂമിയിൽ നിന്നും കൈവശക്കാരെ ഒഴിപ്പിക്കൽ അസാധ്യമായതിനാൽ പ്രസ്തുത കൈവശക്കാർക്ക് പട്ടയം നൽകുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇത്തരത്തിൽ പട്ടയം നൽകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ കൈവശക്കാർക്ക് എന്ന് പട്ടയം നൽകാനാകും; | (ബി) | റിപ്പോർട്ട് പരിശോധിച്ച് വരുന്നു. |
| (സി) | പ്രസ്തുത ഭൂമി എസ്ചീറ്റ് നടപടികൾക്ക് വിധേയമാക്കാൻ കഴിയില്ലെന്ന സുൽത്താൻ ബത്തേരി സബ് കോടതിയുടെ വിധിയ്ക്കെതിരെ യഥാസമയം അപ്പീൽ നൽകാൻ കഴിയാതെ വന്നതിനാൽ ഇനി അപ്പീൽ നൽകുന്നതിന് സാധ്യതയുണ്ടോയെന്നാരാഞ്ഞതിന് ജില്ലാ ഗവൺമെന്റ് പ്ലീഡർ നൽകിയ നിയമോപദേശം എന്താണെന്ന് വിശദമാക്കാമോ; | (സി) | വുഡ് ലാൻഡ് എസ്റ്റേറ്റ് ഭൂമി എസ്ചീറ്റ് നടപടികൾക്ക് വിധേയമാക്കാൻ സാധിക്കില്ലെന്ന സുൽത്താൻബത്തേരി സബ് കോടതി വിധിക്കെതിരെ ഇനി അപ്പീൽ നൽകുന്നതിന് സാധിക്കില്ലെന്ന് വയനാട് ജില്ലാ ഗവൺമെന്റ് പ്ലീഡർ 10.01.2019-ലെ 01/2019/ജി.ഡി നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഫയലിൽ സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കാമോ? | (ഡി) | പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ